# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.34** **26.04.2017-ൽ മറുപടിയ്ക്ക്**

## നികുതി ഭരണം കാര്യക്ഷമമാക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. കാരാട്ട് റസാഖ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നികുതി പിരിച്ചെടുക്കുന്നതിലെ അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് പദ്ധതി അടങ്കലിന്റെ മൂന്നിലൊന്നു മാത്രം ചെലവഴിക്കാൻ സാധ്യമാകുകയും അതുവഴി വികസന മുരടിപ്പിനിടയാക്കുകയും ചെയ്ത സാഹചര്യം തിരുത്തി, നികുതി ഭരണം കാര്യക്ഷമമാക്കാനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | നികുതി ഭരണം കാര്യക്ഷമമാക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്ക്രൂട്ടിനി , കുടിശ്ശിക അസസ്സ്മെന്റ് എന്നിവ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമാക്കി.<br>6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി.<br>9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.<br>11. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.<br>12. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും, നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽ നിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനം നേരിടുന്ന സാമ്പത്തിക മുരടിപ്പിൽ നിന്ന് കരകയറുവാനായി എടുത്ത നടപടികൾ എന്തൊക്കെയാണ്; | (ബി) | നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മേൽ സൂചിപ്പിച്ച അടിയന്തിര നടപടികൾ സ്വീകരിച്ചതിനു പുറമെ പശ്ചാത്തല സൗകര്യ മേഖലയിൽ അനിവാര്യമായ മൂലധനചെലവിനുള്ള പണം കണ്ടെത്തുന്നതിലേയ്ക്കായി 'കിഫ്ബി' പോലുള്ള പ്രത്യേക നിക്ഷേപ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താൻ |

| | | | |
|---|---|---|---|
| | | | മുൻകൈയെടുത്തിട്ടുണ്ട്. ഇതിനായി സമഗ്രമായ നിയമ നിർമ്മാണം പൂർത്തീകരിക്കുകയും സാർവ്വത്രിക അംഗീകാരമുള്ള വിദഗ്ധരടങ്ങുന്ന ഡയറക്ടർ ബോർഡിന് രൂപം നൽകുകയും ചെയ്തു. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്താനും ഫണ്ട്സ് ട്രസ്റ്റി ഉപദേശക കമ്മിഷന് രൂപം നൽകിയിട്ടുണ്ട്. |
| (സി) | വികസന പദ്ധതികൾക്കുള്ള മൂലധന ചെലവ് നിശ്ചിത രീതിയിൽ സാധ്യമാകുന്നുണ്ടോ എന്ന് അറിയിക്കാമോ? | (സി) | ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഘട്ടം ഘട്ടമായി നടത്തിപ്പ് പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിലൂടെ വികസന പദ്ധതികൾക്കുള്ള മൂലധന ചെലവ് നിശ്ചിത രീതിയിൽ സാധ്യമാക്കാനാകുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ.**